# HEART BEATS



# Sacred Heart H S S Thiruvambady

## ഡിജിറ്റൽ മാഗസിൻ

“ We are computerised”

# ആമുഖം

ബഹുമാന്യരെ,സേക്രഡ് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂളിലെ പ്രഥമ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ശ്രമഫലമായി തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ ആണ് ഹാർട്ട് ബീറ്റ്സ്.ഹൈടെക്ക് സാങ്കേതികതയിൽ അതിവേഗം മുന്നേറിക്കൊണ്ടിരിക്കുന്ന കേരളത്തിലെ വിദ്യാലയങ്ങളിൽ,ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ചെയ്ത എളിയ പ്രവർത്തനങ്ങളിൽ ഒന്നാണ് ഈ മാഗസിൻ.പോരായ്മകൾ ഉണ്ടാകാം ക്ഷമിക്കുമല്ലോ


ചീഫ് എഡിറ്റർ

# ആശംസ



സേക്രട്ട് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്ന് അറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. “ഡിജിറ്റൽ മാഗസിൻ" എന്നത് സ്കൂളുകളിൽ ഒരു നൂതന ആശയമാണ്.മാറുന്ന കാലഘട്ടത്തിനനുസരിച്ച് ആധുനിക സാങ്കേതികതയെ സ്വായത്തമാക്കേണ്ടത് നിലനിൽപ്പിന്റെ കൂടി ആവശ്യമാണ്.വിവരവിനിമയസാങ്കേതികരംഗത്തെ വമ്പിച്ച മാറ്റങ്ങളാണ് അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്നത്.ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, ട്വിറ്റർ എന്നിവ ജനസമൂഹത്തിൽ വളരെ അധികം സ്വാധീനം പുലർത്തുന്നുണ്ട്.വരാൻ പോകുന്ന മാറ്റങ്ങളെ കാലെ കൂട്ടി ഉൾക്കൊള്ളാൻ കുട്ടികൾ സജ്ജരാകേണ്ടതുണ്ട്. അതിലേക്ക് ഈ ഡിജിറ്റൽ മാഗസിൻ ഒരു ചുവടുവെപ്പാണ്. ഇതിന്റെ അണിയറപ്രവർത്തകർക്ക് എല്ലാവിധ ആശംസകളും നേരുന്നു.

ഹെഡ്മാസ്റ്റർ കെ.എം സണ്ണി



## ഉള്ളടക്കം

ആമുഖം....................................................................................................3
ആശംസ....................................................................................................4
EDITORIAL BOARD....................................................................................................7
ബഷീർ ജന്മദിനം ജനവരി 19....................................................................................................8
2018-19 വർഷത്തെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ....................................................................................................9
പുനർനിർമ്മിക്കുക കേരളത്തെ....................................................................................................36
*പ്രളയം കടന്ന കേരളം*....................................................................................................37
മഴച്ചൊല്ലുകൾ....................................................................................................38
അന്യ ജീവനതകി സ്വജീവിതം....................................................................................................39
ചെറുശ്ശേരി....................................................................................................40
കടംകഥകൾ....................................................................................................41
പച്ചപ്പ്....................................................................................................42
കുഞ്ഞുണ്ണിമാഷ്....................................................................................................43
എന്റെ മലയാള നാട്....................................................................................................44
എൻ പുണ്യമാണമ്മ....................................................................................................45
നാടൻപാട്ട്....................................................................................................46
നമ്മുടെ മലയാളഭാഷ....................................................................................................47
മോഷണം....................................................................................................48
വീട്ടുകാര്യം....................................................................................................49
കൃഷിച്ചൊല്ലുകൾ....................................................................................................50
ഗാന്ധിജിയും സാമ്പത്തിക....................................................................................................52
ശാസ്ത്രവും....................................................................................................52
എഴുത്തച്ഛൻ....................................................................................................53
STAGE....................................................................................................54
ബഷീർ ഭൂമിയുടെ അവകാശികൾക്കൊപ്പം....................................................................................................56
എന്റെ വിദ്യാലയം....................................................................................................57
പായസക്കൊതിയൻ....................................................................................................59
മണികണ്ഠൻ....................................................................................................59
ATLANTA'S RACE....................................................................................................60
അരുവികൾ ജീവൽധമനികൾ....................................................................................................61
*Did you know?....................................................................................................62*
ഉറക്കം....................................................................................................63
....................................................................................................64
ഹരിത കേരളം സന്ദേശ പ്രചരണജാഥ സ്വീകരണം....................................................................................................64
Life....................................................................................................65
....................................................................................................65
SKILL....................................................................................................66
....................................................................................................68

മഴത്തുള്ളി....68
SCHOOL LIFE....69
MOTHER....70
WE SHOULD ALWAYS....70
PHYSICS....71
വെളിച്ചം....73
യാത്രാവിവരണം....74
നന്ദി....75

# EDITORIAL BOARD


Chief Editor:Parthiv P

Sub Editors:Anand Ajesh
Ashish Francis
Muhammed Shebin
Akash K Sebastian

Layout & Design:Parthiv P

Photos:Muhammed Shebin

# ബഷീർ ജന്മദിനം ജനുവരി 19



# ഇമ്മിണി ബല്യ .......
# ഇക്കാക്ക

# 2018-19 വർഷത്തെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ

## 2017-2018 അധ്യയന വർഷം
## സമ്പൂർണ്ണ വിജയം കൈവരിച്ചവരെ
## അനുമോദിച്ചപ്പോൾ










2018-2019 അധ്യയന വർഷത്തിൽ
100% വിജയം പരമാവധി A+-കൾ
എന്ന ലക്ഷ്യത്തോടെ വിജയോത്സവം
പദ്ധതി ഉദ്ഘാടനം ചെയ്തു.

വിജയോത്സവം പദ്ധതിയുടെ
വിവിധ പ്രവർത്തനങ്ങളിലൂടെ.........

# വീടറിയാൻ









പത്താം ക്ലാസ്കുട്ടികളുടെ ഭവന സന്ദർശനം

# പിയർ ഗ്രൂപ്പ് സ്റ്റഡി








# Feather Touch Programme







**പഠന നിലവാരം കുറഞ്ഞ കുട്ടികളെ**
**മികവിലേക്കെത്തിക്കുന്നതിനായി**
**കുട്ടികൾ തന്നെ കൈത്താങ്ങാവുന്ന പദ്ധതി**

# ക്വിസ് മത്സരം









**പാഠഭാഗത്തെ അടിസ്ഥാനമാക്കി
കുട്ടികൾ ക്വിസ് മത്സരം നടത്തുന്നു**

# Student Teacher









Conditional Sentences



# Educare ന്റെ ഭാഗമായി
# Meeting With Expert
## ഗണിതക്ലാസ്







# ക്ലാസ് പി.ടി.എ









പരീക്ഷകൾക്കു ശേഷം വിദ്യാർത്ഥികളുടെ പഠന
നിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുകയും
ഉയർന്ന നിലവാരത്തിലെത്തിക്കുന്നതിനാവശ്യമായ
ബോധവത്കരണ ക്ലാസുകൾ
ബഹു.ഹെഡ്മാസ്റ്റർ ശ്രീ സണ്ണി സാർ
നല്കുകയും ചെയ്യുന്നു .

# ഇലക്ഷൻ







**പൊതു തെരഞ്ഞെടുപ്പിന്റെ മാതൃകയിൽ എല്ലാ ചട്ടങ്ങളും പാലിച്ചുകൊണ്ട് സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തി.**

# കൃഷി









പഠനത്തോടൊപ്പം  കാർഷിക രംഗത്തും വൈദഗ്ധ്യം
തെളിയിച്ചു കൊണ്ട്  വ്യത്യസ്തങ്ങളായ
കൃഷികൾ നടത്തുന്നു.

# വിളവെടുപ്പ്









**പയർ വിളവെടുപ്പ് ഹരിത കേരള മിഷൻ ജില്ലാ കോർഡിനേറ്റർ പി.പ്രകാശൻ ഉദ്ഘാടനം ചെയ്യുന്നു.**



**ചേന വിളവെടുപ്പ്കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിഷ**

# ഭക്ഷ്യമേള








**ലോക ഭക്ഷ്യ ദിനത്തോടനുബന്ധിച്ച് സ്കൂളിൽ ഉൽപാദിപ്പിച്ച ചേന ഉപയോഗപ്പെടുത്തി ഭക്ഷ്യമേള സംഘടിപ്പിച്ചു.**

# സമ്പൂർണ്ണ ശുചിത്വ വിദ്യാലയം









**ഗ്രീൻ അംബാസിഡർമാർ, ശുചിത്വ സേനാംഗങ്ങൾ എന്നിവരുടെ സഹകരണത്തോടെ സ്കൂളും പരിസരവും മാലിന്യ മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.**

# ഏകദിന
# പ്രവൃത്തി പരിചയ ശില്പശാല



കുട നിർമ്മാണം,പാഴ്‌വസ്തുക്കളിൽ നിന്നും
കരകൗശലവസ്തുക്കൾ,കല്ലുകൾ ഉപയോഗിച്ച് ആമ
നിർമ്മാണം,ചോളം പൂക്കൾ,പേപ്പർ പേന തുടങ്ങിയ
മനോഹരവസ്തുക്കൾ ശില്പശാലയിൽ നിർമ്മിച്ചു.



മുക്കം ഉപജില്ലാ പ്രവൃത്തി പരിചയമേളയിൽ
ഓവറോൾ ചാമ്പ്യൻഷിപ്പു നേടിയ
വിദ്യാർത്ഥികൾ,ഹെഡ്മാസ്റ്റർ,
റംല ടീച്ചർ എന്നിവരോടൊപ്പം.

# ശാസ്ത്രമേള







ശാസ്ത്ര നാടകം ഒന്നാം സ്ഥാനം

## സബ് ജില്ല നീന്തൽ മത്സരത്തിൽ സ്വർണ്ണ നേട്ടം നടത്തിയവർ





## വ്യക്തിഗത ചാമ്പ്യൻമാർ





# സബ്ജില്ല കബഡിയിലെ സ്വർണ്ണവേട്ടക്കാർ









# സമ്പൂർണ്ണ ക്ലാസ് ലൈബ്രറി പ്രഖ്യാപനം





പ്രശസ്ത കഥാകൃത്ത്
പി.സുരേന്ദ്രൻ സമ്പൂർണ്ണ ക്ലാസ് ലൈബ്രറി
പ്രഖ്യാപനം നടത്തി.

# സി.വി രാമൻ അനുസ്മരണം








# മലയാളത്തിളക്കം ക്ലാസ്സുകൾ









# Little Kites









# പുനർനിർമ്മിക്കു

# കേരളത്തെ........

കവിത

പാരിലെല്ലാമേ പരന്നൊഴുകും
കൈരളി കേരളനാദമല്ലോ
കേരവൃക്ഷം പോലുയർന്ന പൊങ്ങി
സഹ്യാർദ്രി പോലെ അടിയുറച്ച




കേരളം എന്നുടെ നാടല്ലേ
കേളി കേട്ടുണർന്ന എൻ നാടല്ലേ
പുഴയും തോടും  ഒഴുകി സ്ഥരിക്കുന്ന
എൻ  ഹൃദയാർദ്ദദ്രബന്ധുവാം കേരളമേ

ഹരിതഭംഗിയിൽ മുങ്ങിനിൽക്കുമീ
എൻ കൊച്ചു സുന്ദര കേരളം
സസ്യശ്യാമള പൂരിതപുണ്യമാ
ണെന്റെ സ്വന്തം കേരളം

പൂക്കളും പു ഴകളും പാടങ്ങളും നിറ
ഞ്ഞൊരു മാമലനാടാണെൻ കേരളം
കളകളം പാടുന്ന കുഞ്ഞിളം കിളിക
ളാൽ കാവ്യമായ് മാറു ന്നെൻ കേരളം

# പ്രളയം കടന്ന കേരളം

2018-ലാണ് കേളത്തിന് ഏറ്റവും കൂടുതൽ സാമ്പത്തിക നഷ്ട്ടം ഉണ്ടായത്.2018 ജൂലൈ-ആഗസ്റ്റ് കാലവർഷകാലത്താണ് തെക്ക്പടിനാറ് കേരളത്തിൽ ഉയർന്ന അളവിൽ മഴ പെയ്യത്. വെള്ളം പൊങ്ങുകയും ലക്ഷകണക്കിന് വീടുകൾ വെള്ളത്തിൽ മുങ്ങുകയും ആളുകൾ ക്ഷട്ടപെടുകയും ഭക്ഷണമില്ലാതെ വലയുകയും ചെയ്യതു. കേരളത്തിലെ എല്ലാ അണകെട്ടുകളും ആ മാസങ്ങള്ളിൽ തുറന്നു വെള്ളം ഒഴക്കി വിട്ടു.അണകെട്ടുകൾ തുറന്ന വിട്ടതിന്റെ കാരണത്താൽ വെള്ളപൊക്കത്തിന്റെ അളവ് ഉയർന്നു.കേരളത്തിലെ 64 അണകെട്ടുകളിൽ 35 എണ്ണമാണ് അഴസ്ഥ മൂലം തുറന്ന വിട്ടു.എല്ലായിടത്തും ദുരിദ്വാശ്വസ ക്യാമ്പുകൾ തുറന്നു. സ്കൂളുകളിലും ഓഡിറ്റൊറിയങ്ങളിലുമൊക്കെയാണ് ക്യാമ്പുകൾ തുറന്നത്.ഈ ദുരന്ത അവസ്ഥയിലും ജനങ്ങൾ ഒറ്റകെട്ടായി ജാതി മത വിത്യാസ മന്യ ഒത്തുചേർന്ന് പോരാടി.ഈ പ്രളയത്തെ ഒരു പാഠമായിയാണ് നമ്മൾ കേരളീയർ കണക്കാകേ്കണ്ടത്.ഞങ്ങളുടെ സ്കൂൾ സ്ഥിതിചെയ്യുന്നത് തിരുവമ്പാടിയിലാണ്. ഇവിടെയും പല സ്ഥലങ്ങളിലും വെള്ളപൊക്കം ഉണ്ടായി.നങ്ങളുടെ സ്കൂളിന്റെ മുന്നിലും വെള്ളപൊക്കം ഉണ്ടായി.പ്രളയം നങ്ങൾ കേരളീയർക്ക് ഒരു നല്ല അനുഭവമായിരുന്നു.ഈ പ്രളയം മനുഷ്യന്റെ ദുഷ് പ്രവർത്തിമൂലമാണ്. 2018 എന്ന വർഷം നങ്ങൾ കേരളീയർക്ക് മറക്കാനാവാത്ത ഒരു വർഷമായിരുന്നു.എത്രയോ ജീവനുകൾ ഈ പ്രളയത്തിൽ നഷ്ട്ടമായി. മനുഷ്യന്റെ ഈ ദുഷ് പ്രവർത്തികൾ ഒക്കെ അവസാനിക്കട്ടെ.

Anand Ajesh



# മഴച്ചൊല്ലുകൾ

- മഴ ഇല്ലാതിരുന്നാൽ മരങ്ങൾ ഉണങ്ങും
- മഴ നനയാതെ പുഴയിൽ ചാടി
- മഴ നിന്നാലും മരം പെയ്യും
- മഴ പെയ്താൽ പുഴ അറിയും
- മഴയുമില്ല വിളയുമില്ല
- മഴ പെയ്ത നിറഞ്ഞതു കോരി ഒഴിച്ചാൽ നിറയുമോ?
- കുംഭത്തില് മഴ പെയ്താൽ കുപ്പിയിലും മാണിക്യം

-Parthiv P

# അന്യ ജീവനതകി സ്വജീവിതം

1869 ഒക്ടോബർ 2 ന് ഗുജറാത്തിലെ പോർബന്തറിലാണ് ഗാന്ധിജി ജനിച്ചത്.പിതാവ് കരംചന്ദ് ഗാന്ധിയും മാതാവ് പുതലി ഭായ്യിയുമായിരുന്നു.ഇന്ത്യയുടെ രാഷ്ട്രപിതാവ് 13-ാം വയസ്സിൽ കസ്തൂർബ ഗാന്ധിയെ വിവാഹം ചെയ്തു. സർവ്വവിചാരങ്ങളെയും കുടുംബൊഗമായി കാണുന്നയാള്. ഗാന്ധിജിയുടെ സത്യാഗ്രഹപ്രസ്ഥാനം ഇന്ത്യയിലാകെ സമരമുറയ്ക്ക് വ്യത്യസ്തതയും തീവ്രതയും കൊണ്ടുവന്നു.ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന നിസ്സഹകരണപ്രസ്ഥാനം ഉപ്പുസത്യാഗ്രഹം, നിയമലംഘന പ്രസ്ഥാനം,ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം ,വ്യക്തി സത്യാഗ്രഹ പ്രസ്ഥാനം എന്നിവയിലൂടെ അദ്ദേഹം അക്ഷരാർത്ഥത്തിൽ ഇംഗ്ളീഷ് ഭരണകൂടത്തെ പിടിച്ചുകുലുക്കി.1947 ആഗസ്റ്റ് 15-ന് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചു.1948 ജനവരി 30-ന് അദ്ദേഹംനാഥുറാംഗോഡ്സെഎന്നയുവാവിന്റെവെടി യേറ്റ് മരിച്ചു.

# ചെറുശ്ശേരി



എഴുത്തച്ഛനു മുൻപ് പതിനഞ്ചാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ ജീവിച്ചിരുന്ന മഹാകവിയാണ് ചെറുശ്ശേരി .ഉത്തരകേരളത്തിൽ കുറുംബ്രനാട് താലൂക്കിലെ ചെറുശ്ശേരി ഇല്ലത്ത് ജനിച്ചു എന്ന് കരുതപ്പെടുന്നു. ചെറുശ്ശേരിയുടെ യഥാർത്ഥ പേര് ഇന്നും ലഭ്യമല്ല. കോലത്തുനാട് രാജാവായ ഉദയവർമൻ കോലത്തിരിയുടെ സദസ്യനായിരുന്നു ചെറുശ്ശേരി എന്ന് കൃഷ്ണഗാഥയിൽ കാണുന്നു.ശ്രീകൃഷ്ണചരിത്രത്തെ അടിസ്ഥാനമാക്കി മലയാളത്തിൽ ഉണ്ടായ ആദ്യത്തെ ബൃഹത്കാവ്യമാണ് കൃഷ്ണഗാഥ.ഭാഗവതം ദശമസ്കന്ധത്തിലെ കൃഷ്ണാവതാരകഥയാണ് ആസ്പദം. മഞ്ജരീവൃത്തത്തിന്റെ മാധുര്യം,ഭക്തിരസത്തിന്റെ തീവ്രത ഇവ കൃഷ്ണഗാഥയുടെ പ്രത്യേകതകളാണ്.ചെറുശ്ശേരി ലോകം കണ്ടത് കൃഷ്ണന്റെ ലീലയായിട്ടായിരുന്നു. കൃഷ്ണഗോപികമാരുടെ രാസലീലാവർണ്ണനയിലെ ശൃംഗാരം തെല്ലൊന്ന് ചൂളിപ്പിക്കുമെങ്കിലും അതിനെ മറികടക്കുന്ന ഭക്തി, വാങ്മയ ചിത്രീകരണം,, ഇവ വായനക്കാരന്റെ ആസ്വാദനശേഷിയെ ചൂഷണം ചെയ്യുന്നവയാണ്.

# കടംകഥകൾ

അടയ്ക്കും തുറക്കും മണിമുത്തിൽ പത്തായം

● കണ്ണ്

അടിക്ക് വെട്ട്,നടുക്ക് കെട്ട്,തലയ്ക്ക് ചവിട്ട്

● നെല്ല്

അടയുടെയുള്ളിലൊരു പെരുമ്പട

● തേനീച്ചക്കൂട്

അടി പാറ,നടു വടി,തല കാട്

● ചേന

അടി ചെടി,നടു മദ്ദളം,തല നെൽചെടി

● കൈതച്ചക്ക

അടിക്കാത്ത മുറ്റത്തിൻ പേരു ചൊല്ലാമോ ?

● ആകാശം

അടിക്കല പൂക്കമ്പം പന്തീരായിരം

● നക്ഷത്രങ്ങൾ

അക്കര വിളയിൽ തെക്കേത്തൊടികയിൽ

ചക്കരക്കൊണ്ടൊരു ളുണ്.

● തെച്ചിപ്പൂവ്


-Asim Muhammed Rayan

# പച്ചപ്പ്

പച്ചപുതച്ചൊരു കേരളം
കാണാനെന്തൊരു ഭംഗി...........
വയലുകൾ പുഴകളും
നിർമിക്കാം ഒത്തിരി ഒത്തിരി.......
നമ്മുടെ പുണ്യമാണ് കേരളം
തെങ്ങോലകൾ കാറ്റിലാടും
സ്വർഗമാണീ കേരളം
ഭൂപ്രകൃതി തന്ന പച്ചപ്പാണ്
നമ്മുടെ കേരളം
വരുവിൻ........ വരുവിൻ.........കൂട്ടരെ........
പച്ചപ്പുതച്ചൊരു കേരളം കാണാൻ.......

- Jumna c.k

# കുഞ്ഞുണ്ണിമാഷ്



കേരളത്തിലെ ബാലസാഹിത്യരംഗത്ത് അതിപ്രശസ്തനായ കുഞ്ഞുണ്ണിമാഷ് 1927 മെയ് 10 ന് തൃശ്ശൂർ ജില്ലയിൽ വലപ്പാട്ട് ജനിച്ചു.സ്കൂൾ അധ്യാപകനായി സേവനമനുഷ്ഠിച്ചു. രാമകൃഷ്ണാശ്രമത്തിൽ അന്തേവാസിയായി കുറെക്കാലം കഴിഞ്ഞു.കുട്ടികളുടെ കഥകളും കുഞ്ഞു കവിതകളുമാണ് മാഷിന്റെ സാഹിത്യസംഭാവനകൾ, അമൃതകഥകൾ, അക്ഷരത്തെറ്റ് ,ഊണുതൊട്ടുറക്കംവരെ, കുഞ്ഞുണ്ണികവിതകൾ,കുട്ടികവിതകൾ തുടങ്ങി ധാരാളം കൃതികൾ രചിച്ചു.രൂപപരമായി കുഞ്ഞുണ്ണി കവിതകൾ പഴഞ്ചൊല്ലുകളോടും നാട്ടുമൊഴികളോടും അടുത്ത് നില്ക്കുന്ന .ചിരിയെക്കാൾ ചിന്തയെ ഉണർത്തുന്ന കുഞ്ഞുണ്ണിമാഷിന്റെ കവിതകൾഏതുതരക്കാരനുംആസ്വാദ്യകരമാണ്.'പൊക്കമി ല്ലായ്മയാണ് എന്റെ പൊക്കം' എന്ന് തന്റെ ശുദ്ധഹാസ്യകവിതകളിലൂടെ അദ്ദേഹം തെളിയിച്ചു.2006 മാർച്ച് 26 ന് അന്തരിച്ചു.

- Muhammed Nafi

# എന്റെ മലയാള നാട്

എന്റെ നാടാണെനിക്കിഷ്ടം,
എന്റെ മലയാളനാടാണെനിക്കിഷ്ടം !
എന്റെ ഭാഷയാണെനിക്കിഷ്ടം,
എന്റെ മലയാളഭാഷയാണെനിക്കിഷ്ടം!
കുഞ്ഞുപൂവിന്നിതളിൽ ഒരു തരിയാണീ മലയാളനാട്,
എന്നാൽ പാടിപ്പുകഴ്ത്തുന്ന മലയാളനാട് !
ഈ ലോകമെല്ലാം പരന്ന ........
ഈ ലോകമെല്ലാം പരന്ന .............

-Thasli Abdul Salam

# എൻ പുണ്യമാണമ്മ



നെഞ്ചിലെ പാലാഴി എന്നിലേക്കിറ്റിച്ച്
പുഞ്ചിരി ളുകുന്നതമ്മ......
മുന്നോട്ട് ഞാനെന്റെ
കാലടികൾ വയ്ക്കുമ്പോൾ
പിന്നിലൊരു പ്രാർത്ഥന, അമ്മ......
കൈ വന്നതൊക്കെ
കളഞ്ഞു പോയ് നില്ക്കുമെൻ......
കണ്ണീർ തുടപ്പതും അമ്മ.......
കണ്ണനീർ തുള്ളി പോൽ അമ്മ
അതിലെ പുഞ്ചിരിപ്പൂക്കളാണമ്മ......
ഉള്ളിലെ കരുതലാണമ്മ
മണ്ണിലെ നേരിന്റെ സ്നേഹമാണമ്മ
കൈ വിട്ടു പോകല്ലേ, കണ്ണീരു ളുവല്ലെ......
കാലമെൻ കൈകളിൽ കാണിക്കയായ് തന്ന.....
പുണ്യമാണെന്നുമെൻ അമ്മ
എൻ പുണ്യമാണെന്നുമെൻ അമ്മ
എൻ പുണ്യമാണെന്നുമെൻ അമ്മ
എൻ പുണ്യമാണെന്നുമെൻ അമ്മ.......

Vismaya.m.sabu

# നാടൻപാട്ട്



പുഞ്ചപ്പാടത്തെ പൂന്കുയിലേ,
പുന്നാരപാട്ടൊന്നു പാടാമോ
അക്കണ്ടം നട്ടു ഞാൻ, ഇക്കണ്ടം
നട്ടു ഞാൻ,
മേലേകണ്ടത്തിൽ ഞാറു നട്ടു.
ഞാറുകുത്തി കേറി വരുമ്പം
എന്നാലും തമ്പ്രാന് തീണ്ടലാണ്
നെല്ലായ നെല്ലെല്ലാം കൊയ്തുമെതിച്ച്
അറയിലിടുമ്പം തീണ്ടലില്ല.
അറകൾ നിറച്ച് പത്തായം നിറച്ച്
ഇറങ്ങി വരുമ്പോഴും തീണ്ടലാണ്.
പൊൻമണി വാരി അരനിറച്ചാലും
കേറിയിറങ്ങിയാലും തീണ്ടലില്ല
കൊയ്ത്തുകാലം കഴിഞ്ഞാ-
പടിപ്പുര കേറിയാ
പിന്നെയും തമ്പ്രാന് തീണ്ടലാണ്
കന്നികൊയ്ത്ത് കഴിഞ്ഞ പാടത്ത്നെന്മണി വാരി
വിതറിയാലുംമാസം പലതു കഴിഞ്ഞാലും
പിന്നെയുംതമ്പ്രാന്റെ മൂക്കത്തു കോപം തന്നെ -

Asmin p




# നമ്മുടെ മലയാളഭാഷ

ജനിച്ചപ്പോൾ തന്നെ നമ്മൾ കേട്ടു വന്ന ഒരു ഭാഷയാണ് നമ്മുടെ മാതൃഭാഷ.എനിക്ക് എന്റെ മാതൃഭാഷ വളരെ ഇഷ്ടമാണ്.നമ്മൾക്ക് പറയാനും നമ്മുടെ മാതൃഭാഷയാണ് എളുപ്പം.മറ്റ് ഭാഷയെക്കാൾ എനിക്കിഷ്ടം നമ്മുടെ മാതൃഭാഷയാണ് . എന്റെ ഭാഷ എന്ന് ആദ്യമായ വിളിച്ചത് കുഞ്ഞുണ്ണിമാഷാണ്. ദ്രാവിഡ ഗോത്രത്തിൽപ്പെട്ട ഭാഷയാണ് മലയാളം. 1956 നവംബർ 1 ന് കേരളം രൂപപ്പെട്ടപ്പോൾ മലയാളം സംസാരിക്കുന്ന നാം എല്ലാവരും മലയാളികൾ എന്ന് വിശേഷിക്കപ്പെട്ടു.തമിഴിന്റേയും സംസ്കൃതത്തിന്റേയും സ്വാധീനം നമ്മുടെ മലയാളഭാഷക്കുണ്ട്.മലയാളവും സംസ്കൃതവും കൂട്ടിചേർത്ത് എഴുതുന്ന സമ്പ്രദായത്തിന് മണിപ്രവാളം എന്ന് പറയുന്നു.

-അഫ്ന



# മോഷണം

വെറുമൊരു മോഷ്ടാവായോരെന്നെ
കള്ളനെന്നു വിളിച്ചില്ലേ താൻ
കള്ളനെന്നു വിളിച്ചില്ലേ

തുണി മോഷ്ടിച്ചതു കാണുന്നവരുടെ
നാണം കാക്കാനായിരുന്നല്ലോ അവരുടെ
നാണം കാക്കാനായിരുന്നല്ലോ

കോഴിയെ മോഷ്ടിച്ചെന്കിലതേ,അത്
പൊരിച്ചു തിന്നാനായിരുന്നല്ലോ എനിക്കു
പൊരിച്ചു തിന്നാനായിരുന്നല്ലോ

-പാർവ്വതി ബാബു

# വീട്ടുകാര്യം

വീട്ടിലുള്ളവൾ
അമ്മയായതുകൊണ്ട്
ഏറെ വൈകി ഉറങ്ങുകയും
ഏറ്റവുമാദ്യം ഉണരുകയും ചെയ്യണം.
വീട്ടിലുള്ളവൻ അച്ഛനായതുകൊണ്ട് ആദ്യമേ കിടന്നുറങ്ങുകയും
വൈകിയെഴുന്നേറ്റ്
'കട്ട'നൊന്നടിച്ചുടൻ
പത്രപാരായണം തുടങ്ങണം.

Thankachan E J
HSA Malayalam

# കൃഷിച്ചൊല്ലുകൾ



- ഇരുന്നുണ്ടവൻ രുചിയറിയില്ല
  കിളച്ചുണ്ടവനെ രുചിയറിയൂ
- ചന്തയിൽ വെള്ളരി നടില്ല
- അയലൊത്തു വിളയിടണം
- വിത്തുഗുണം പത്തുഗുണം
- മണ്ണറിഞ്ഞു വിത്തിടുക
- മുളയിലറിയാം വിള
- വിത്തുകുത്തി ഉണ്ണരുത്
- വളമേറിയാൽ തുമ്പടയും
- കളപറിക്കാഞ്ഞാൽ വിളകാണാം

ആദിത്ത് ടി



# ഗാന്ധിജിയും സാമ്പത്തിക ശാസ്ത്രവും

ഇന്ത്യക്കാവശ്യം മൂലധനം ഏതാനും പേരിൽ കേന്ദ്രീകരിക്കലല്ല 1900 മൈൽ നീളവും 1500 മൈൽ വീതിയുമുള്ള ഈ ഭൂഖണ്ഡത്തിലെ ഏഴരലക്ഷം ഗ്രാമങ്ങൾക്ക് എളുപ്പത്തിൽ ലഭിക്കാനാവുന്ന വിധത്തിൽ വിതരണം ചെയ്യലാണ്.

-മഹാത്മാ ഗാന്ധി



# എഴുത്തച്ഛൻ

മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ തൃക്കണ്ടിയൂർ ശിവ ക്ഷേത്രത്തിനു പടിഞ്ഞാറുള്ള തുഞ്ചത്ത് തറവാട്ടിലാണ് ജനിച്ചെന്ന് വിശ്വസിക്കുന്നു.

തുഞ്ചത്ത് രാമാനുജനെഴുത്തച്ഛൻ എന്ന് മുഴുവൻ പേര്.എ.ഡി 16 ശതകത്തിൽ ജീവിച്ചിരുന്ന ഇദ്ദേഹം അന്നു നിലവിലിരുന്ന പാട്ട്,മണിപ്രവാളം എന്നീ കാവ്യ ഭാഷാരീതികളെ ശുദ്ധീകരിച്ച് മലയാളത്തിന് സ്വതന്ത്ര തനിമ നൽകി.അതിനാൽ ആധുനിക മലയാള ഭാഷയുടെ പിതാവെന്ന് അദ്ദേഹം കേൾവിപ്പെട്ടു.സ്വതന്ത്ര സംസ്കൃത ഇതായിരുന്നു എഴുത്തച്ഛന്റെ ശൈലി. സംസ്കൃതികൃതപദങ്ങൾ അധികമായി സ്വീകരിച്ചിരുന്നില്ല.

സാഹിത്യ,ലൗകിക ജീവിതത്തെ ഭക്തിയുടെ മാർഗ്ഗത്തിലേക്ക് തിരിച്ചുവിട്ട എഴുത്തച്ഛൻ ഭക്തിപ്രസ്ഥാനത്തിന്റെ പ്രയോക്താവായി അറിയപ്പെടുന്നു.കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാണ് ഇദ്ദേഹം.


nandana.p
9'C

# STAGE

***GOD CREATED THE STAGE***
***WHERE MAN PLAYS HIS DRAMA***
***GOD DECORATED IT***
***BUT MAN DESTROYED IT.***

***GOD GAVE US COMPANIONS***
***BUT MAN SPOILED IT***
***THE STAGE GIVEN***
***BY GOD IS BEAUTIFUL***
***IT'S NAME IS 'NATURE'.***

***-Akash K Sebastian***

HEART BEAT



Joseph Snehith 8H

# ബഷീർ ഭൂമിയുടെ അവകാശികൾക്കൊപ്പം



# എന്റെ വിദ്യാലയം



അറിവിൻ പ്രഭ തൂകും വിദ്യാലയം,
അനുപമമായൊരു വിദ്യാലയം,
തിരുവമ്പാടിതൻ തിരുനെറ്റിയിലെ
തിലകക്കുറിയായ വിദ്യാലയം,
ഇതു തിരുഹൃദയത്തിന്റെ വിദ്യാലയം !

ഹിന്ദുവും മുസൽമാനും ക്രിസ്ത്യനുമൊന്നായ്
സ്നേഹിച്ചു പുലരുന്ന വിദ്യാലയം,
മതങ്ങളെല്ലാം ഒന്നാണെന്നും,
മാനവരക്തംചുവപ്പെന്നും,
ഒരുമനമായെന്നും ,ഒരു സ്വരമോടെന്നും
ഒരുമയായ് പാടുന്നു ഞങ്ങൾ !
(അറിവിൻ പ്രഭതൂകും......)
വിജ്ഞാനസൗരഭം ആയിരങ്ങൾക്കേകി
വിളങ്ങിനിൽക്കുന്ന വിദ്യാലയം !
മലയോരനാടിന്റെ ഹരിതവർണ്ണങ്ങളിൽ
മധുമയസ്വപ്നങ്ങൾ വിടർത്തി,
ഇരുവഞ്ഞിപ്പുഴയുടെ കുഞ്ഞോളങ്ങളിൽ
കുളിർ ചൂടുന്നൊരു വിദ്യാലയം ,
നാടിൻ അഭിമാനമായൊരു വിദ്യാലയം !
(അറിവിൻ പ്രഭ തൂകും.....)

-Toms T Simon

# എന്റെ മാലിന്യം
# എന്റെ ഉത്തരവാദിത്വം

## (വിവരണം)

മുകളിൽ പറഞ്ഞിരിക്കുന്ന ഈ ഒരു വാക്യം ഏതെങ്കിലും ഒരാൾ താൻ തന്റെ മാലിന്യം പുറത്തു കളയുമ്പോൾ ആലോജിക്കണം താൻ ഈ ചെയ്യുന്നത് പ്രകൃതി വിരുദ്ധം അല്ലെ എന്ന്.നമ്മുക്ക് ഒരു അടി മ്ന്നെറി മാലിന്യത്തെ ഉപേക്ഷിക്കാൻ ശ്രൂമിക്കണം.മാലിന്യത്തെ ഒഴിവാക്കാൻ നമ്മൾ സമൂഹത്തിൽ ഇറങ്ങിചെന്ന് അതിനുവേണ്ടി മുന്നിട്ടിറങ്ങി നേരിടണം.പരിസ്രമം വിജയത്തിന്റെ മുന്നോടിയെന്ന ചൊല്ല് നാം ഇതിലൂടെ പരിസ്രമിച്ച് കാണിക്കണം.നമ്മൾ ചെയ്യുന്നത് കണ്ടിട്ട് മറ്റുള്ള ജനങ്ങൾ ഇത് ചെയ്യാൻ തുടങ്ങും അങ്ങനെ ഇത് വ്യാപിച്ച് ഈ ലോകം മുഴവൻ മാലിന്യ വിമുക്തമാക്കണം.
Reduce,Reuse,Recycle എന്ന സ്കീമിലൂടെയും ESD എന്ന സ്കീമിലൂടെയുമൊക്കെ ഈ പദ്ധതി നമ്മുക്ക് വിജയകരമാക്കാം.

Anand Ajesh

# പായസക്കൊതിയൻ

## മണികണ്ഠൻ

കഥ തുടങ്ങുന്നത് ഒരു ഗ്രാമത്തിൽ നിന്നാണ്.ഗ്രാമത്തിന്റെ പേര് പട്ടിണി എന്നാണ്. ആ ഗ്രാമത്തിൽ ഒരു ഗ്രാമവാസി ഉണ്ടായിരുന്നു പേര് മണികണ്ഠൻ.പായസകൊതിയനായിരുന്നു അവൻ.പായസം എന്നു വച്ചാൽ അവന് ജീവനായിരുന്നു.ഒരിക്കൽ അവൻ ഒരു കല്യാണത്തിനു പോയി അവിടെ ഭക്ഷണത്തിനു ശേഷം പായസവും ഉണ്ടായിരുന്നു.അവന് അത് കേട്ടപ്പോൾ അവന്റെ കൊതി അടക്കി നിറുത്താൻ കഴിഞ്ഞില്ല.അവന്റെ കൊതി കണ്ടിട്ട് പാജകം വെപ്പുകാർ അന്തം വിട്ടുപോയി.അവനോട് അവർ പറഞ്ഞു ആ ചെമ്പ് മോത്തം എടുത്തോളു.പറഞ്ഞ താമസം വന്നില്ല അവൻ അത് കുടിക്കാൻ തുടങ്ങി.നാട്ടുകാർ എല്ലാവരും അവനെ നോക്കി ചിരിക്കാൻ തുടങ്ങി. അവന്റെ മാതാപിതാക്കൾ നാണംക്കെട്ടു പോയി.

"ആശയടക്കം നല്ലത്"



# ATLANTA'S RACE

**Atlanta was the daughter of the king of Greece . She had agreed to marry any man who could beat her in a race many men tried but every one failed . The failed on will go to the prison for his rest of his life because a god blessed her with leopards speed . One day a young man called Hercules came to the palace and challenged Atlanta in running every one tried to stop him but failed . The next day the race was set the track was a jungle and who comes back first will win the race started Atlanta was going very fast ahead and Hercules is threw a golden apple from his pocket Atlanta start chasing the golden apple in the chance Hercules got the lead in the race but it was for some time again Atlanta got the lead but this time it was not a great lead and when the finis line was near Hercules threw the second golden apple again Atlanta went to chase the golden apple in the time Hercules won the race and married Atlanta and they lived happily**

**-Ashish Francis**

# അരുവികൾ ജീവൽധമനികൾ



അരുവീ, അരുവീ, കുളിരരുവീ ,
കുണുങ്ങിയൊഴുകും കുഞ്ഞരുവീ,
തെളിനീരായങ്ങൊഴുകും നീ ,
കുടിനീരായങ്ങൊഴുകും നീ .
പോകും വഴി നീ കാണുന്നോ
കുമിഞ്ഞുകൂട്ടും മാലിന്യം?
മനസിൽ മലിനത പേറിട്ടമീ
മനുജർ എറിയും മാലിന്യം.
ഫാക്ടറി തന്നിലെ മാലിന്യം ,
മാംസക്കടയിലെ മാലിന്യം .
നിന്നുടെ മാറിലൊഴുക്കുമിവർ
സ്വന്തം കുഴിയതു തോണ്ടുമിവർ.
അരുതേ മർത്യാ ,അരുതരുതേ,
അരുവിയിലൊന്നും എറിയരുതേ,
ധരതൻ ജീവൽധമനികളാം
അരുവികൾ നമ്മൾ കാത്തിടുവിൻ.

-Toms T Simon
HSA Maths

# Did you know?

1.) **What are dreams**
A.)our eyes are like camera that registers every thing we see during the day. Dreams are stories and pictures our brain creates when we sleep . Most dreams happen during the time of night when we are mostly asleep

2.) **The last Emperor of china**
A.)13 February 1911 china became republic when emperor pu yi was driven out of power by his army he was just six years he worked as the gardener of that same castle

3.) **Beluga has an ultra sonic transmitter**
A.)This sea mammal lives near the Arctic pack ice it hunts and heads ahead by transmitting ultra sonic waves that bounce off its environment and its prey. This tracking system is called 'echolocation'

4.)**Are donkeys really stubborn**
A.)when they lack confidence, donkeys can refuse to obey and come to stand still this behaviour is also seen in cows, horses and many other animals in fact they are very clever but lack of confidence make them stubborn

-Ashish Francis

# ഉറക്കം



നൊന്ത് കറങ്ങും
പമ്പരം പോൽ
വിരസ നേരങ്ങളിൽ

ഹൃത്തിടങ്ങളെ
ഉന്മാദമാക്കി
വീണ്ടുമീ നക്ഷത്രങ്ങൾ
ഉറക്കിലേക്കൂളിയിട്ടുമ്പോൾ

പറയാൻ മറന്നുവെച്ചത്
ത്രുവി നില്ക്കുന്നു.......

നിശീഥിനിയുടെ
നിശബ്ദതയിലും
വീണ്ടുമവർക്കൊന്നിച്ചുറങ്ങാൻ
ദാഹം.........

# ഹരിത കേരളം സന്ദേശ പ്രചരണജാഥ സ്വീകരണം





# Life



**Oh god you created this drama**
**you make us to play**
**and we are acting this drama**
**you decide our birth and**
**you decide our death**

**you decide everything and**
**we are just acting**
**0h god please give us peace and**
**show us the right way to act and**
**better stage to live.......**

**-MUHAMMED SHEBIN—IX-G**




# SKILL

*RIDING BICYCLE IS A SKILL*
*LIKE WISE LEADING*
*LIFE IS ALSO A SKILL*
*IT IS DIFFICULT*
*TO ATTAIN THAT SKILL*
*BUT IF WE ATTAIN IT*
*IT WILL MAKE THE LIFE BEAUTIFUL.......*

*-Akash K Sebastian*



# മഴത്തുള്ളി

കാതിൽ വന്നലയ്ക്കും
ചെറുപരൽമീനപോൽ
തിരയിളക്കങ്ങളും
കുഞ്ഞാറ്റക്കുരുവിതൻ കൂട്ട പോൽ
ചിണുങ്ങിത്തൂങ്ങിയിറങ്ങിവരുന്ന
കൊച്ചുരുവികൾക്കുയിർ നൽകുമൊരു
കുഞ്ഞുമഴത്തുള്ളിയെക്കണ്ടുഞാൻ
പെയ്തിറങ്ങി വരുമൊരായിരം മഴത്തു -
ള്ളികളെന്നോട് മന്ത്രിച്ചപ്പോൾ ,
'നിലത്തുവീണെൻ വപുസ്സാകെ -
യുടഞ്ഞരഞ്ഞുപോയ് ,ഈ ഭുവാകെ കരിമ്പാറ തൻ
കൽത്തുറുങ്കായ് മാറിയോ '?
ഇനിയെന്ത്?എനിക്കും നിനക്കുമിനിയെന്ത്?
ഊനമറ്റെവിടെപതിക്കാനാകുമെന്നോർത്തു -
വിഷണ്ണനായ് ,മഴത്തുള്ളി
ഒരിറ്റു കണ്ണീർ പൊഴിക്കുന്നു പിന്നെയും!

**-തങ്കച്ചൻ ഇ.ജെ( HSA Malayalam).**




## SCHOOL LIFE

*OH MY SCHOOL LIFE*
*YOU FAR AWAY;*
*I JUST TASTE YOU*
*YOU, MY WONDERFUL PERIOD*

*YOU CAME TO ME*
*IN MY CHILD HOOD*
*YOU MADE MY CHILD HOOD*
*WONDERFUL*

*I ALWAYS THANK YOU*
*NOW I MISS YOU*
*PLEASE GIVE ME ONE MORE CHANCE*
*OH MY SCHOOL LIFE.....*

-*MUHAMMED SHEBIN IX-G*

# MOTHER




WE SHOULD
ALWAYS

**THANK OUR MOTHER**
**WE SHOULD ALWAYS**
**LOVE HER**

**SHE CORRECT OUR WAY**
**SHE NURTURES US**
**SHE ALWAYS CARE US**
**I OWE YOU MY MOTHER......**

**-MUHAMMED SHEBIN IX-G**





# PHYSICS

**PHYSICS IS THE ONE OF THE MOST FUNDAMENTAL SCIENTIFIC DISCIPLINES,AND IT'S MAIN GOAL IS TO UNDERSTAND HOW THE UNIVERSE BEHAVES. PHYSICS IS ONE OF THE OLDEST ACADEMIC DISCIPLINES AND,THROUGH ITS INCLUSION OF ASTRONOMY ,PERHAPS THE OLDEST. OVER THE LAST MILLENNIA,PHYSICS,CHEMISTRY, BIOLOGY,AND CERTAIN BRANCHES OF MATHEMATICS WERE A PART OF NATURAL PHILOSOPHY. BUT DURING THE SCIENTIFIC REVOLUTION IN THE 17$^{th}$ CENTURY, THESE NATURAL SCIENCES ARE EMERGED AS UNIQUE RESEARCH ENDEAVOURS IN THEIR OWN RIGHT. PHYSICS INTERSECTS WITH MANY INTER DISCIPLINARY AREAS OF RESEARCH, SUCH AS BIOPHYSICS AND QUANTUM CHEMISTRY,AND BOUNDARIES OF PHYSICS ARE NOT RIGIDLY DEFINED NEW IDEAS IN PHYSICS OFTEN EXPLAINS THE FUNDAMENTAL MECHANISMS STUDIED BY OTHER SCIENCES AND SUGGEST NEW AVENUES OF RESEARCH IN ACADEMIC DISCIPLINES SUCH AS MATHEMATICS AND PHILOSOPHY.**

**MUHAMMED SHEBIN IX-G**

# HEART BEAT

ശ്രീരാഗ് എം. ആർ
IX. A
NO: 48





# വെളിച്ചം

ഒരു നേർരേഖയായ്
വെളിച്ചം മുന്നിൽ
ധൂളിപടലം  സൃഷ്ടിക്കുമ്പോൾ
ഞാൻ കണ്ട പ്രകാശം
കണികാ ചലനമെത്ര!

പോകും വഴി തടഞ്ഞാലത്
തട്ടി തട്ടി തെറിച്ച്.
പ്രതിബിംബം ഭീമമാം
ഭീഷണി സൃഷ്ടിക്കുന്നു.

ഒന്നിൽ ക്ഷയം
മറ്റൊന്നിൽ വൃദ്ധി
തീരുന്നു ജീവജലമാ-
വിളക്കിൻ തിരി കരിന്തിരി കത്തുന്നു.

സ്നേഹം തന്നെ വെളിച്ചം
അതില്ലാത്ത മിഥ്യ ഭ്രുവിൻ
അഗാധ വിഹായസ്സിൽ
ശൂന്യമാം പൂജ്യങ്ങളെത്ര!

Mini George
HSA MALAYALAM

# യാത്രാവിവരണം



*സമയം രാവിലെ 5.30 ഞാൻ വേഗം എണീറ്റു പ്രഭാതകൃത്യങ്ങൾ റെഡിയായി എന്തിനെന്നോ? ഇന്ന് പഠന യാത്ര ആണ്. ഒരു പാട് സ്ഥലങ്ങൾ കാണാനുണ്ട്. മനസ്സിൽ നിറയെ ആസ്ഥലങ്ങൾ മിന്നി മറയുകയായിരുന്നു ഉമ്മയോടും അനിയനോടും യാത്ര പറഞ്ഞ് ഇറങ്ങുമ്പോഴും കാണാനുള്ള സ്ഥലങ്ങളായിരുന്നു മനസ്സിൽ മാമന്റെ വണ്ടിയിൽ സ്കൂളിലെത്തിയപ്പോൾ കൂട്ടുകാർകാത്ത്* ***നിൽക്കുന്നുണ്ടായിരുന്നു ഞങ്ങളുടെ അധ്യാപകർ ഞങ്ങളെ ഗ്രൂപ്പുകളാക്കി തിരിച്ചു ഒരു ഗ്രൂപ്പിന്റെ ലീഡർ ഞാനയിരുന്നു***

***ആദ്യം ഞങ്ങൾ പോയത് തുറക്കൽ ഭഗവതീ ക്ഷേത്രത്തിലേക്കായിരുന്നു ബസ് നീങ്ങി ആലിൻ തറ കഴിഞ്ഞപ്പോൾ മനോഹരമായ കണ്ണിന് കുളിർമ്മയേകി മഞ്ഞിൽ കണങ്ങൾ സൂര്യകിരണങ്ങളേറ്റ് പച്ച പുതച്ച ഒരു നെൽപ്പാടം' എന്തു ഭംഗി ഞാൻ കൂട്ടുകാരിയെ കാണിച്ചു കൊടുത്തു മെഴുക പോലെ ആ പ്രകൃതി ഭംഗിയിൽ അലിഞ്ഞു ചേരാൻ തോന്നി. 8.15 ആയപ്പോഴേയ്ക്കും കാവിലെത്തി.കാവിലേക്ക് നടക്കുമ്പോൾ പെട്ടെന്ന് മരങ്ങൾക്കൊരുകുലുക്കം വാനരന്മാർ മരത്തിലൂടെ പ്രഭാതസവാരി നടത്തുന്നു കാവിലെ പടുകൂറ്റൻ മരങ്ങളും ജലാശയവും ചതുപ്പും ഒക്കെ കണ്ട് നടന്നു. വള്ളികളിലൂഞ്ഞാലാടി തിരിച്ചു ബസിലേക്ക് പോകുന്ന വഴി പ്രഭാത ഭക്ഷണം കഴിച്ചു. അടുത്ത യാത്ര മലബാർബൊട്ടാണിക്കൽ ഗാർഡനിലേക്ക് ഏഷ്യയിലെ ഏറ്റവും വലിയ ജലസസ്യ ശേഖരം ഇവിടെയാണ്.ഇത് കോഴിക്കോട്ടുകാരുടെ അഭിമാനം തന്നെ വിവിധ വർഗ്ഗത്തിൽപ്പെട്ട ധാരാളം ചെടികളും മരങ്ങളും കണ്ടു. വംശനാശം വന്നുകൊണ്ടിരിക്കുന്ന ധാരാളം ചെടികളെ കാണാൻ സാധിച്ചു. നക്ഷത്ര വനത്തിലൂടെ നടന്ന് എന്റെ ജന്മനക്ഷത്ര മരമായ പ്ലാവിനെ കണ്ടെത്തി ഓർക്കിഡുകളും പന്നൽച്ചെടികളും പായലുകളും ഇരപിടിയൻ സസ്യങ്ങളും എല്ലാം കണ്ടു നടന്നു സാജൻ സാറും ലാലിടീച്ചറും എല്ലാം വിവരിച്ചുതരുന്നുണ്ടായിരുന്നു. വളരെ അധികം വിജ്ഞാനപ്രദമായ ഒരു സന്ദർശനമായിരുന്നു ഇത്.***

***ബിരിയാണിയൊക്കെ കഴിച്ച് ഞങ്ങൾ നക്ഷത്ര ബംഗ്ലാവിലേക്ക് പുറപ്പെട്ടു പുറത്ത് തന്നെ ഒത്തിരി പഠിക്കാൻ ടീച്ചർമാർ വിവരണങ്ങളുമായി ഞങ്ങളോടൊപ്പം തന്നെ ഉണ്ടായിരുന്നു. 3D Showയും ആകാശവിസ്മയങ്ങളുടെ പ്രദർശനവും വളരെ മനോഹരമായിരുന്നു. ആകാശത്തുകൂടി നടക്കുന്ന ഒരനുഭവമായിരുന്നു എനിക്ക് ശാസ്ത്രവുമായി ബന്ധപ്പെട്ട ഒട്ടേറെ പ്രവർത്തനങ്ങൾ കണ്ടു.***

***പിന്നീട് ബീച്ചിൽ പോയി തിരമാലകളിൽ കളിച്ചു മണലിൽ ഓടിക്കളിച്ചു ഐസ് ക്രീം കഴിച്ചു.തിരിച്ചു ബസിലേക്ക് നടന്നപ്പോൾ മനസ്സിൽ അല്പം സങ്കടം തോന്നിവേഗം തീർന്നു പോയേന്നൊരു തോന്നൽ ബസിൽ കയറിയപ്പോൾ എല്ലാവരും വീണ്ടുംആടിപ്പാടി സന്തോഷിക്കുന്നുണ്ടായിരുന്നു വളരെ സന്തോഷത്തോടെ വീട്ടിലെത്തി അമ്മയോടും അനിയനോടും എല്ലാം വിവരിച്ചു.നിദ്രയിലും നിറഞ്ഞു നിന്നത് ആകാശക്കാഴ്ചകളായിരുന്നു.***

.



# നന്ദി